1936
19/2/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് -MIS സോഫ്റ്റ് വെയർ നിർമ്മാണം- - ആദ്യഘട്ടം ദീർഘിപ്പിച്ചു നൽകിയ കാലയളവിലും രണ്ടാംഘട്ട കാലയളവിലും C-Dit ന് നൽകാനുള്ള തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം. 89/15/സാനീവ തിരുവനന്തപുരം, തീയതി, 13.02.2015

================================================================

പരാമർശം: (1) 17.11.2011 ലെ സ.ഉ. (സാധാ) 438/2011/സാനീവ നം ഉത്തരവ്.

(2) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 3.3.2014 ലെ ഐ.ടി/27592/13 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കംപ്യൂട്ടർ വൽക്കരണത്തിനും Web Based Management Information System വികസിപ്പിക്കുന്നതിനുമായി പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് MIS സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി C-Dit മായി കരാറിൽ ഏർപ്പെട്ടിരുന്നു. 3 ഘട്ടമായി പൂർത്തിയാക്കുന്നതിന് ഉദ്ദേശിച്ച ഈ പദ്ധതിയുടെ ആദ്യഘട്ടം നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നതായും അധികമായി വന്ന 16/6/2013 മുതൽ 30/07/2013 വരെയുള്ള കാലയളവിലെ ചെലവിനത്തിലുള്ള 3,71,250/- രൂപയും 1/8/2013 ൽ ആരംഭിച്ച് 31/07/2014 ൽ പൂർത്തിയാക്കിയ രണ്ടാം ഘട്ട കാലയളവിലെ പ്രവർത്തനങ്ങൾക്കുള്ള 34,33,497/- രൂപയും കൂടി ആകെ 38,04,747/- രൂപ C-Dit ന് നൽകാനുണ്ടെന്നും ആയത് എത്രയും വേഗം അനുവദിക്കണമെന്നും പരാമർശം 2 ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വകുപ്പിന്റെ MIS-സോഫ്റ്റ് വെയർ നിർമ്മാണവുമായി ബന്ധപ്പെട്ട് ആദ്യഘട്ടം ദീർഘിപ്പിച്ചു നൽകിയ കാലയളവിലെ ചെലവായ 3,71,250/- രൂപയും രണ്ടാംഘട്ട

പ്രവർത്തനങ്ങളുടെ ചെലവായ 34,33,497/- രൂപയും ചേർത്ത് ആകെ C-Dit ന നൽകാനുള്ള തുകയായ 38,04,747/- രൂപ (മുപ്പത്തി എട്ട് ലക്ഷത്തി നാലായിരത്തി എഴുനൂറ്റി നാല്പത്തി ഏഴ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-02-001-96 (P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ) കേരള , തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (95457/WW3/14/fin നമ്പർ ഫയൽ പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
(വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ